"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ- ശ്രീമതി.രജനിയുടെ ഭർത്താവായ ശ്രീ.പ്രവീൺ എന്നയാൾക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായത്തിന്റെ ശേഷിക്കുന്ന ഗഡുക്കൾ വികസനഫണ്ട്-ജനറൽ വിഭാഗത്തിൽ നിന്നും നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

G.O.(Rt) No.603/2021/LSGD തീയതി,തിരുവനന്തപുരം, 26/02/2021

പരാമർശം:- 1 കുഴിമണ്ണ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21/10/2020ലെ 9(7)-ാം നമ്പർ തീരുമാനം.

2 കുഴിമണ്ണ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 09/11/2020ലെ ബി2/6545/2020 നമ്പർ കത്ത്.

3 മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05/01/2021-ാം തീയതിലെ കത്ത്.

4 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 10/02/2021-ലെ 4.2-ാം നമ്പർ തീരുമാനം.

**ഉത്തരവ്**

കുഴിമണ്ണ ഗ്രാമപഞ്ചായത്തിലെ 6-ാം വാർഡിലെ താമസക്കാരിയായ ശ്രീമതി.രജനി W/o പ്രവീൺ എന്നയാൾ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു. ഭവന നിർമ്മാണത്തിന്റെ ആദ്യ ഗഡുവായി 40,000/- രൂപ കൈപ്പറ്റിയിരുന്നു. പട്ടികജാതി വിഭാഗക്കാരിയായ രജനി ഭർത്താവിനെ ഉപേക്ഷിച്ചുപോയിയെന്നും കുട്ടികൾ ഭർത്താവിനൊപ്പാണ് താമസിക്കുന്നതെന്നും ഭർത്താവ് പൊതുവിഭാഗത്തിൽ പ്പെട്ടയാളായതിനാൽ വീടിന്റെ ശേഷിക്കുന്ന ഗഡുക്കൾ ഭർത്താവിന്റെ പേരിൽ നൽ കണമെന്നുമുള്ള കുഴിമണ്ണ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം (1)&(2)പ്രകാരമുള്ള അപേക്ഷ മലപ്പുറം ജില്ലാ പ്ളാനിംഗ് ഓഫീസർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയിരുന്നു .

2) സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി

പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം (4) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭവന നിർമ്മാണത്തിനുള്ള ധനസഹായത്തിന്റെ ശേഷിക്കുന്ന ഗഡുക്കൾ വികസനഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നും ശ്രീമതി.രജനിയുടെ ഭർത്താവായ ശ്രീ.പ്രവീൺ എന്നയാൾക്ക് നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

ജില്ലാ പ്ലാനിംഗ് ഓഫീസർ, മലപ്പുറം.

സെക്രട്ടറി, കുഴിമണ്ണ ഗ്രാമപഞ്ചായത്ത്. മലപ്പുറം

ശ്രീ. പ്രവീൺ (കുഴിമണ്ണ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖാന്തിരം.)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by REENAMMA P A
Date: 2021.02.26 14:54:42 IST
Reason: Approved

സെക്ഷൻ ഓഫീസർ